# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: **2343** **08.07.2015** – ൽ മറുപടിക്ക്

## കാസർഗോഡ് നഗരത്തിലെ കുടിവെള്ള ക്ഷാമം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.എൻ.എ.നെല്ലിക്കുന്ന് | | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കാസർഗോഡ് നഗരത്തിൽ ആഴ്ചയിൽ ഒന്നോ രണ്ടോ ദിവസം മാത്രമേ കുടിവെള്ളം ലഭിക്കാറുള്ളു എന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയ പമ്പു കളും മോട്ടോറുകളും അനുവദി ച്ചിട്ടും കാസർഗോഡ് നഗര ത്തിലെ ജനങ്ങൾക്ക് ഇപ്പോഴും കുടിവെള്ളം കിട്ടുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാ ര്യത്തിൽ എന്ത് അടിയന്തിര നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നറിയിക്കാമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാസർഗോഡ് നഗരത്തിൽ കുടിവെള്ള വിതരണ പമ്പുകളുടെ മോട്ടോർ തകരാറ് ആകുന്നതു മൂലം കുടിവെള്ള വിതരണം തടസ്സപ്പെടാറുണ്ട്. പ്രവർത്തനരഹിതമായ മോട്ടോ റുകളുടെ തകരാറുകൾ യുദ്ധകാലാടിസ്ഥാന ത്തിൽ പരിഹരിച്ച് കുടിവെള്ളം ലഭ്യമാക്കുന്ന നടപടികൾ സ്വീകരിച്ചു വരുന്നു. പുതിയതായി സ്ഥാപിച്ച രണ്ട് പമ്പ് സെറ്റുകൾ ഗ്യാരണ്ടി പിരീഡിൽ തന്നെ തകരാറായതിനാൽ പ്രസ്തുത കരാറുകാരനെ കൊണ്ടുതന്നെ കരാറു വ്യവസ്ഥ യനുസരിച്ച് കേടായ മോട്ടോറുകൾ മാറ്റി പുതിയ പമ്പ് സെറ്റ് സ്ഥാപിച്ച് കുടിവെള്ള വിതരണം പുനഃസ്ഥാപിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ